**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** | **23-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിൽ ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളും ചർച്ചകളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | 2022-23 വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ടാർഗറ്റ് നിശ്ചയിച്ച് ലക്ഷ്യം കൈവരിക്കുന്നതിനുള്ള ചിട്ടയായ പ്രവർത്തനം ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | സംരംഭകവർഷത്തിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ വിവിധ വകുപ്പുകൾക്ക് ടാർഗറ്റ് നിശ്ചയിച്ച്  ചിട്ടയായ പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതികൾ വ്യവസായ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും നേതൃത്വത്തിൽ ആവിഷ്കരിച്ചു വരുന്നുണ്ട്. |
| (സി) | ഒരു വർഷം ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് വ്യവസായ പാർക്കുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ഒരു വർഷം ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം, വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുന്ന പക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഉപയോഗയോഗ്യമായ സ്ഥലത്ത് സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറീസ് സ്ഥാപിച്ച് എം.എസ്.എം.ഇ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ വെണ്ടർ ഡെവലപ്പ്മെന്റ് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | പദ്ധതിയുടെ ഭാഗമായി വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ ഡിജിറ്റലായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിൽ ഉണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ഓൺലൈൻ ആപ്ലിക്കേഷൻ പോർട്ടലുകളും പ്രസ്തുത ഓൺലൈൻ അപേക്ഷകളുടെ നിലവിലെ സ്ഥിതി അറിയുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | | ഡാഷ്ബോർഡ് സംവിധാനവും തയ്യാറാക്കി വ്യവസായ വാണിജ്യ വകുപ്പിന്റെ നിലവിലെ ഔദ്യോഗിക വെബ്സൈറ്റിൽ (https://industry.kerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പ് നൽകുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ എന്നിവയുടെ കൂടുതൽ വിവരങ്ങൾ യഥാസമയം സംരംഭകരിൽ എത്തിക്കുന്ന തരത്തിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് നവീകരിച്ചിട്ടുണ്ട്. ആയത് ഉടൻ തന്നെ ലോഞ്ച് ചെയ്യുന്നതാണ്. കൂടാതെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ പുരോഗതി തത്സമയം നിരീക്ഷിക്കുന്നതിന് ഒരു ഓൺലൈൻ സംവിധാനവും തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ